ഉറപ്പാക്കാൻ ഉദ്യോഗദായകരുമായി നേരിട്ട് ബന്ധപ്പെടുക, വികലാംഗരുടെ നേരിട്ടുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുക, പി. എസ്. സി. മുതലായ റിക്രൂട്ട്മെന്റ് ഏജൻസികൾ നടത്തുന്ന മൽസരപരീക്ഷകൾക്ക് യോഗ്യരായ വികലാംഗ ഉദ്യോഗാർത്ഥികളെ സജ്ജരാക്കുക, ആയതിലേയ്ക്ക് കോച്ചിംഗ് ക്ലാസ്സുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ മുതലായവ നടത്തുക, വികലാംഗ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസപരമായ മാർഗ്ഗനിർദ്ദേശം നൽകുക, വൊക്കേഷണൽ മാർഗ്ഗനിർദ്ദേശം നൽകുക, സ്വയം തൊഴിൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുക, ബാങ്ക് ലോണും മറ്റും അനുവദിച്ച് കിട്ടാൻ പ്രത്യേക ശ്രമം നടത്തുക എന്നീ സേവനങ്ങളിലൂടെയാണ് ടി ലക്ഷ്യം കൈവരിക്കുന്നത്. ടി എക്സ്ചേഞ്ചുകളുടെ പ്രവർത്തന മൂലധനത്തിൽ മൊത്തം ചെലവിന്റെ 80% കേന്ദ്രസഹായവും 20% സംസ്ഥാന വിഹിതവും എന്നായിരുന്നു. എന്നാൽ 2002-03 മുതൽ ഇവയെ നോൺ പ്ലാനിലേക്ക് മാറ്റാൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. 2002-03 മുതൽ പദ്ധതിവിഹിതം ലഭിച്ചിട്ടില്ല.

ഓരോ വർഷവും പ്രൊഫഷണൽ യോഗ്യത നേടുന്നവർ

21 [2671] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എ. കെ. മണി:
,, എഴുകോൺ നാരായണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ യോഗ്യത നേടിയ എത്ര പേർ പ്രതിവർഷം പുതുതായി ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊഫഷണൽ യോഗ്യത നേടുന്നതിൽ പ്രതിവർഷമുള്ള വർദ്ധനയ്ക്കാനുപാതികമായി ഗവൺമെന്റ് മേഖലയിലും സ്വകാര്യ മേഖലയിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

(1999 മുതൽ 2003 ജൂൺ വരെയുള്ളത്)

1999	..	10731
2000	..	12956
2001	..	11202
2002	..	11821
2003	..	6903

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ചുവർഷംകൊണ്ട് പതിനഞ്ചു ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിനനുയോജ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയത്തിന്റെ പ്രധാന ലക്ഷ്യം പൊതുമേഖലയേയും സഹകാര്യമേഖലയേയും ഗണ്യമായി ആകർഷിച്ച് നിരവധി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്കു അനുസൃതമായ അന്തരീക്ഷം ഒരു ക്കുകയെന്നുള്ളതുമാണ്. തൊഴിൽ നയത്തിന്റെ ഭാഗമായി നിക്ഷേപകരെ ആകർഷി ക്കുന്നതിനും തദ്വാര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി തൊഴിൽ സംരംഭകർക്ക് സ്വയം തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന് അവകാശം ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

പ്രൊഫഷണൽ യോഗ്യത നേടിയ തൊഴിൽരഹിതർ

22 [2672] ശ്രീ. പി. ജെ. ജോയി:
,, എഴുകോൺ നാരായണൻ:
,, കെ. അച്ചുതൻ:
,, ടി. എൻ. പ്രതാപൻ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ യോഗ്യത സമ്പാദിച്ച എത്ര പേർ തൊഴിലില്ലാതെ നിൽക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവർക്ക് തൊഴിൽ നൽകുവാൻ എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് പ്രൊഫഷണൽ യോഗ്യത നേടിയവർക്ക് സ്വയം തൊഴിലിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-2003 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രൊഫഷ ണൽ യോഗ്യതയുള്ള 56849 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിൽദായകൻ അറിയിക്കുന്ന ഒഴിവുകൾക്ക് യോഗ്യ രായ ഉദ്യോഗാർത്ഥികളെ അയച്ചുകൊടുക്കുന്നുണ്ട്. 2002-ൽ 1299 പേർക്കും, 2003-ൽ 978 പേർക്കും നിയമനം ലഭിക്കുകയുണ്ടായി.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടപ്പിലാക്കുന്ന 'കെസ്റു' സ്വയം തൊഴിൽപദ്ധതി വഴി പ്രൊഫഷണൽ യോഗ്യതയുള്ളവർക്കും സ്വയം തൊഴിലിനു സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly